**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2814** **14-09-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖല സ്ഥാപനങ്ങൾക്കുള്ള വൈദ്യുതി ഇളവ് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖല സ്ഥാപനങ്ങൾക്കും വൈദ്യുതി ഇളവ് നൽകുന്നുണ്ടോ? | (എ) | ഇല്ല. സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45,62,86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ 85(5) പ്രകാരം കണക്കാക്കുന്ന ശരാശരി വൈദ്യുതി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്. ഇതിനു പുറമേ വൈദ്യുതി നിയമം 2003-ലെ 62-ാം വകുപ്പ് പ്രകാരം ലോഡ് ഫാക്ടർ, പവർ ഫാക്ടർ, വോൾട്ടേജ്, ഒരു പ്രത്യേക കാലയളവിലേക്കോ, സമയത്തേക്കോ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ്, ഭൂമിശാസ്ത്രപരമായ വ്യത്യാസങ്ങൾ, നൽകുന്ന വൈദ്യുതിയുടെ സ്വഭാവം, വൈദ്യുതി ഏത് ആവശ്യത്തിനായി ഉപയോഗിക്കുന്നു എന്നീ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് റെഗുലേറ്ററി കമ്മീഷനുകൾ താരിഫ് നിർണ്ണയിക്കുന്നത്. ആയതിനാൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാത്രമായി പ്രത്യേകമായി ഇളവുകൾ നൽകാൻ നിലവിലുള്ള നിയമപ്രകാരം സാദ്ധ്യമല്ല. |

സെക്ഷൻ ഓഫീസർ